പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 218 — 08-02-2016 - ൽ മറുപടിയ്ക്ക്

## തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജി.സുധാകരൻ:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുന്നതിന് എന്തെങ്കിലും ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | എ) | ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖം 2011-ൽ കമ്മീഷൻ ചെയ്തുവെങ്കിലും ഹാർബർ ബേസിനിൽ മണ്ണടിഞ്ഞുകൂടുന്നത് കാരണം മത്സ്യബന്ധന യാനങ്ങൾക്ക് ഹാർബറിൽ അടുക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. തുടർച്ചയായി ഡ്രഡ്ജിംഗ് നടത്തിയിട്ടും ഹാർബർ ബേസിന്റെ ആഴം നിലനിർത്താൻ സാധിക്കുന്നില്ല. ഇപ്രകാരം ഹാർബർ ബേസിനിലും സമീപ പ്രദേശങ്ങളിലും ക്രമാതീതമായി മണ്ണ് അടിയുന്ന പ്രവണത തടയുന്നതിനായി സെൻട്രൽ വാട്ടർ പവർ റിസർച്ച് സെന്റർ പൂനെ നടത്തിയ മാതൃകാ പഠന റിപ്പോർട്ട് പ്രകാരം 77.72 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ ധന സഹായത്തിനും അനുമതിക്കുമായി സമർപ്പിച്ചിട്ടു ണ്ട്. ടി പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള പ്രവൃത്തികൾ നടപ്പാക്കുന്ന മുറയ്ക്ക് ഹാർബർ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതാണ്. |
| ബി) | ഹാർബറിൽ നിന്ന് ഡ്രഡ്ജ് ചെയ്തു കിട്ടുന്ന മണ്ണ് ആർക്കാണ് നൽകുന്നത്; മാനദണ്ഡമെന്താണ്; വിശദമാക്കാമോ? | ബി) | തോട്ടപ്പള്ളി ഹാർബറിൽ നിന്നും ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണ്ണിൽ ധാതുമണൽ അടങ്ങിയിട്ടുള്ളതിനാൽ അത് കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.ആർ.ഇ.എൽ, ചവറയ്ക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു, സർക്കാർ ഉത്തരവ് ജി.ഒ(ആർ.റ്റി) 348/14/എഫ് & പി. ഡി. തീയതി: 16/5/2014 പ്രകാരം 41,900 ഘനമീറ്റർ |

| | | | |
|---|---|---|---|
| | | | മണൽ ക്യുബിക്ക് മീറ്ററിന് 556/- രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് 657/15/മതുവ തീയതി 10/08/2015 പ്രകാരം 72000 ക്യൂ.മീ മണ്ണ് ഐ.ആർ.ഇ.എൽ, ചവറയ്ക്ക് ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് നൽകി വരുന്നുണ്ട്. ധാതുമണൽ വേർതിരിച്ചതിനുശേഷം ലഭിക്കുന്ന 20000 ഘന മീറ്റർ വേസ്റ്റ് മണൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറക്കാട് പഞ്ചായത്ത് ചതുപ്പ് സ്ഥലം മണ്ണിട്ടു നികത്തുന്നതിന് അനുവദിച്ചിട്ടുള്ളതാണ്. പുറക്കാട് വില്ലേജിൽ കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട് വിവിധ ക്യാമ്പുകളിൽ കഴിയുന്നവരെ പുനരധി വസിപ്പിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള പുറക്കാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 21 ൽ റീസർവ്വേ 123/2ൽപ്പെട്ട സർക്കാർ പുറമ്പോക്ക് ഭൂമി താമസയോഗ്യമാക്കുന്നതിനാണ് പ്രസ്തുത വേസ്റ്റ് മണ്ണ് ഉപയോഗിക്കുന്നതിന് അനുവദിച്ചിട്ടുള്ളത്. ഐ.ആർ.ഇ.എൽ, ചവറയ്ക്ക് അനുവദിച്ചിട്ടുള്ള 72000 ഘനമീറ്റർ മണ്ണിൽ നിന്നും 20000 ഘനമീറ്റർ വേസ്റ്റ് മണ്ണ് വേർതിരിക്കുന്നതിനാവശ്യമായ മിനറൽ കലർന്ന മണ്ണിന് 556/- രൂപ ഘനമീറ്റർ നിരക്കിലും റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലേക്ക് നീക്കം ചെയ്തതിന് ശേഷം ബാക്കി വരുന്ന മിനറൽ കലർന്ന മണ്ണിന് 660/- രൂപ നിരക്കിലും വില നൽകി സ്വന്തം ചെലവിൽ ധാതു കലർന്ന മണ്ണ് നീക്കം ചെയ്യുന്നതിനാണ് ഐ.ആർ.ഇ.എല്ലിനെ അനുവദിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**